പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 6031 | 08.07.2013 ൽ മറുപടിയ്ക്ക് |
|---|---|
| സ്വന്തമായി കെട്ടിടങ്ങളില്ലാത്ത അംഗനവാടികൾ | |
| ചോദ്യം | ഉത്തരം |
| ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി | ഡോ. എം.കെ. മുനീർ<br>(പഞ്ചായത്തും സാമൂഹ്യ നീതിയും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്ത് സ്വന്തമായി കെട്ടിടങ്ങളില്ലാത്ത എത്ര അംഗനവാടികളുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ ? | (എ) സംസ്ഥാനത്ത് സ്വന്തമായി കെട്ടിടങ്ങളില്ലാത്ത 13587അംഗനവാടികളുണ്ട്. ജില്ല തിരിച്ചുള്ള ലിസ്റ്റ് ചുവടെ ചേർക്കുന്നു.<br>1. തിരുവനന്തപുരം - 1671 എണ്ണം.<br>2. കൊല്ലം - 1290 എണ്ണം<br>3. പത്തനംതിട്ട - 743 എണ്ണം<br>4. ആലപ്പുഴ - 1263 എണ്ണം<br>5. കോട്ടയം - 987 എണ്ണം<br>6. ഇടുക്കി - 407 എണ്ണം<br>7. എറണാകുളം - 1340 എണ്ണം<br>8. പാലക്കാട് -762 എണ്ണം<br>9. തൃശ്ശൂർ - 1023 എണ്ണം<br>10. കോഴിക്കോട് - 1115 എണ്ണം<br>11. മലപ്പുറം - 1608 എണ്ണം<br>12. വയനാട് - 126 എണ്ണം<br>13. കണ്ണൂർ - 903 എണ്ണം<br>14. കാസർഗോഡ് - 349 എണ്ണം<br>**ആകെ - 13587 എണ്ണം**<br>========= |
| (ബി) സ്വന്തമായി സ്ഥലം ലഭ്യമായ അംഗനവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിന് സർക്കാർ നൽകുന്ന സഹായങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ ? | (ബി) അംഗൻവാടികൾക്ക് കെട്ടിടമുൾപ്പെടെയുള്ള ഭൗതിക സാഹചര്യങ്ങൾ ഒരുക്കേണ്ട ചുമതല ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കാണ് നൽകിയിരിക്കുന്നത്. എന്നാൽ അംഗൻവാടികൾക്ക് കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് താഴെ കാണിക്കുന്ന 3 സംസ്ഥാന പദ്ധതികളാണ് നിലവിലുള്ളത്. |

| | |
|---|---|
| | (1) <u>മാതൃകാ അംഗൻവാടി പദ്ധതി</u><br>ഒരു നിയോജകമണ്ഡലത്തിൽ ഒന്ന് എന്ന ക്രമത്തിൽ 140 നിയോജക മണ്ഡലങ്ങളിൽ സ്വന്തമായി 10 സെന്റ് സ്ഥലവും എം.എൽ.എ യുടെ ഫണ്ടും ഉൾപ്പെടെ ലഭ്യമാക്കുന്ന മുറയ്ക്ക് നിലവിലുള്ള അംഗനവാടിയെ മാതൃകാ അംഗൻവാടിയായി ഉയർത്തുന്നതിന് ഉദ്ദേശിച്ചുള്ളതാണ് ടി പദ്ധതി.<br>(2) <u>നബാർഡ്- ആർ.ഐ.ഡി.എഫ് പദ്ധതി</u><br>നബാർഡ് - ആർ.ഐ.ഡി.എഫ് സ്കീം പ്രകാരം സ്വന്തമായി കെട്ടിടം നിർമ്മിക്കുക, കാലപ്പഴക്കം കൊണ്ട് പൊളിഞ്ഞുവീഴാറായവ പുനർനിർമ്മിക്കുക എന്നിങ്ങനെയുള്ള 700 അംഗൻവാടികളുടെ നിർമ്മാണപ്രവർത്തനങ്ങൾ ആണ് ഈ പദ്ധതിയിൽ ഉദ്ദേശിക്കുന്നത്.<br>(3) <u>സ്റ്റേറ്റ് പ്ലാൻ ഫണ്ട്</u><br>സ്റ്റേറ്റ് പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി എല്ലാ വർഷവും അംഗൻവാടി നിർമ്മാണത്തിന് ഫണ്ട് അനുവദിക്കാറുണ്ട്. |
| (സി)സംസ്ഥാനത്ത് വിദ്യാലയങ്ങളിൽ പ്രീ-പ്രൈമറി വിഭാഗം ആരംഭിക്കുന്ന സാഹചര്യത്തിൽ ഇവ അംഗനവാടികളുമായി സഹകരിച്ച് ഏകോപിപ്പിക്കുന്ന കാര്യം സർക്കാർ പരിഗണിക്കുമോ ? | (സി) ഇത് സർക്കാരിന്റെ സജീവ പരിഗണനയിലാണ്. |
| (ഡി)എങ്കിൽ, വിശദാംശങ്ങൾ നൽകുമോ? | (ഡി) ഇതിനുള്ള സാദ്ധ്യതകളും പ്രായോഗിക മാർഗ്ഗങ്ങളും പരിഗണിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ